# കുട്ടികള്ക്കായുള്ള ബൈബിൾ

അവതരണം



## സുന്ദരിയായ എസ്ഥേർരാജ്ഞി

എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest

Alastair Paterson

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children

www.M1914.org

©2020 Bible for Children, Inc.

കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.

ഒരിക്കലും വിൽക്കരുത്.

ഒരിക്കൽ ഒരിടത്ത് എസ്ഥേർ എന്നു പേരുള്ള ഒരു സുന്ദരി പെൺകുട്ടി ഉായിരുന്നു. അപ്പനും അമ്മയും മരിച്ചുപോയപ്പോൾ മുതൽ എസ്ഥേറിനെ വളർത്തിയിരുന്നത് അവളുടെ കസിനായ മോർദ്ദെഖായി ആയിരുന്നു. തന്റെ കസിനെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊ് എസ്ഥേർ ഒരു നല്ല മകളെപ്പോലെ
വളർന്നു.





എസ്ഥേർ ജീവിച്ചിരുന്നത് പേർഷ്യയിലാണ്. എന്നാൽ എസ്ഥേർ പേർഷ്യക്കാരി അല്ലായിരുന്നു. അവൾ യഹൂദവംശക്കാരിയായിരുന്നു. അവളുടെ പൂർവ്വ പിതാക്കന്മാർ പേർഷ്യയിലേക്ക് വന്നത് യുദ്ധത്തിൽ പിടിച്ചുകൊണ്ടുവന്ന കുറ്റവാളികളായിട്ടാണ്. എസ്ഥേറിന്റെ കാലത്ത് ധാരാളം യെഹൂദന്മാർ പേർഷ്യയിൽ പാർത്തിരുന്നു.

ഭൂലോകത്തുള്ള സകല രാജാക്കന്മാർക്കും വേി രാജാവ് ഒരു വലിയ വിരുന്നൊരുക്കി.



പുരുഷന്മാരെ കൂടാതെ വസ്ഥിരാജ്ഞി ഒരുക്കിയ വിരുന്നിൽ സ്ത്രീകളും പങ്കുകൊു.



കുടിച്ച് മത്തനായ
രാജാവ് കല്പിച്ചു,
വസ്ഥിരാജ്ഞി തന്റെ
രാജവസ്ത്രം ധരിച്ച്
തന്റെ സൗന്ദര്യം
വെളിപ്പെടുത്തട്ടെ.
വസ്ഥിരാജ്ഞി അത്
നിരസിച്ചു.

സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കണം എന്ന് കാണിക്കുവാൻ രാജാവ് ഒരു നിയമം പാസാക്കുകയും, ആ നിയമം വസ്ഥിയുടെ കിരീടം എടുത്തുമാറ്റുകയും ചെയ്തു. ഇനിമുതൽ വസ്ഥി രാജ്ഞിയല്ല.



പുതിയ
രാജ്ഞിക്കുവേിയുള്ള
അന്വേഷണമായി.
രാജ്യത്തെ സകല
സുന്ദരിമാരിൽനിന്നു
രാജാവ് തന്റെ ഭാര്യയായി
തിരഞ്ഞെടുത്തത് എസ്ഥേറിനെ
ആയിരുന്നു. താൻ രാജകീയ
കിരീടം അവളുടെ തലയിൽ
വെച്ചു. താൻ യഹൂദ
പെൺകുട്ടിയാണെന്ന കാര്യം
എസ്ഥേർ രാജാവിനോടു
പറഞ്ഞില്ല. പറയരുതെന്ന്
അവളുടെ കസിൻ
പറഞ്ഞിരുന്നു.





എസ്ഥേറിൽനിന്നുള്ള വാർത്തകൾ കേൾക്കേതിന് അവളുടെ കസിൻ മോർദ്ദെഖായി കൊട്ടാരവാതിൽക്കൽ സമയം ചെലവഴിച്ചിരുന്നു. കൊട്ടാരത്തിലെ സേവകർ രാജാവിനെ കൊന്നുകളവാൻ പദ്ധതി തയ്യാറാക്കുന്നത് ഒരു ദിവസം മോർദ്ദെഖായി കേട്ടു.



മോർദ്ദെഖായി മുന്നറിയിപ്പ് നല്കിയതിനാൽ രാജാവിന്റെ ജീവൻ രക്ഷപ്പെട്ടു. ആ സേവകരെ തൂക്കിക്കൊല്ലുകയും മോർദ്ദെഖായിയുടെ പേര് രാജാവിന്റെ വൃത്താന്ത പുസ്തകത്തിൽ എഴുതിവയ്ക്കുകയും ചെയ്തു.

ഹാമാൻ എന്ന ഒരു ധനവാനായിരുന്നു രാജാവിന്റെ രാമൻ. ഹാമാൻ കടന്നുപോകുമ്പോൾ എല്ലാവരും വണങ്ങി നമസ്കരിച്ചിരുന്നു. സകലരും, ഒരു മനുഷ്യനൊഴികെ. യഹൂദനായ മോർദ്ദെഖായി ജീവനുള്ള ദൈവത്തെ മാത്രമേ വണങ്ങി നമസ്കരിക്കുകയുള്ളൂ.



ഹാമാൻ മോർദ്ദെഖായിയെ അങ്ങേയറ്റം വെറുക്കുകയും അവനെയും യഹൂദജനത്തെ മുഴുവനും കൊന്നുകളയുവാൻ തീരുമാനിക്കുകയും ചെയ്തു. എത്ര ഭീകരം! ദുഷ്ടനായ ഹാമാൻ തന്ത്രപൂർവ്വം രാജാവിനെക്കൊ്
ഒരു നിയമത്തിൽ
ഒപ്പുവയ്പിച്ചതിൻപ്രകാരം
ഒരു പ്രത്യേക സമയത്ത്
തന്റെ രാജ്യത്തിലെ
സകല യഹൂദരും
കൊല്ലപ്പെടും.





ഇതൊരു ഭയങ്കര
നിയമം ആയിരുന്നു.
യഹൂദന്മാരും പേർഷ്യക്കാരും
ഒരുപോലെ കരഞ്ഞു. എന്നാൽ
ഓർക്കുക – ദൈവം
എസ്ഥേറിനെ രാജ്ഞിയാക്കി.
അവൾ ഒരു യഹൂദ
സ്ത്രീയായിരുന്നു. അവൾ
തന്റെ രഹസ്യം രാജാവറിയാതെ
സൂക്ഷിക്കുമോ അല്ല, അവൾ
തന്റെ ജീവിനെ പണയംവെച്ച്
തന്റെ ജനത്തെ രക്ഷിക്കുവാൻ
ശ്രമിക്കുമോ?

ദൈവം എസ്ഥേറിന് ബുദ്ധിപരമായ ഒരു ആശയം നൽകി. അവൾ രാജാവിനെയും ഹാമാനെയും വിരുന്നിന് ക്ഷണിച്ചു. അവിടെവെച്ച്, എന്തു ചോദിച്ചാലും നൽകിത്തരാമെന്ന് രാജാവ് അവൾക്ക് വാക്കുകൊടുത്തു. “രാജാവും ഹാമാനും നാളെയും വിരുന്നിനു വരണം” എസ്ഥേർ മറുപടി പറഞ്ഞു. അപ്പോൾ അവൾ പറയും തനിക്കെന്താണു വേണ്ടതെന്ന്.



അതേസമയം, ഹാമാൻ മോർദ്ദെഖായിയെ തൂക്കിക്കൊല്ലുവാൻ വേി ഒരു വലിയ കഴുമരം ഉ ാക്കി.



ആ രാത്രിയിൽ രാജാവിന്
ഉറക്കം വന്നില്ല. ദിനവൃത്താന്തം
വായിച്ച് കേട്ടതിൽനിന്ന് തനിക്കു
മനസിലായി, തന്റെ ജീവൻ രക്ഷിച്ച
മോർദ്ദെഖായിക്ക് പ്രതിഫലം ഒന്നും
കൊടുത്തിട്ടില്ലെന്ന്.



പിറ്റേദിവസം രാവിലെ, രാജാവ്
ഹാമാനോട് ചോദിച്ചു: “രാജാവ്
മാനിക്കാനിരിക്കുന്ന പുരുഷനുവേ
എന്താണു ചെയ്യേത്?” ഹാമാൻ
ഇരട്ടിസന്തോഷത്തിലായി.
രാജാവ് ഉദ്ദേശിച്ചത്
അവനെക്കുറിച്ചാണെന്ന്
ഹാമാൻ വിചാരിച്ചു!





മോർദ്ദെഖായിയെ തൂക്കിലേറ്റുവാൻ വേ അനുമതി ലഭിക്കുവാൻവേി ഹാമാൻ രാജാവിന്റെ അടുത്തുവന്നു. കഴുമരം തയ്യാറാണ്. ഇപ്പോൾ അത് കാത്തിരിക്കേണം. സന്തോഷഭരിതനായി, ഹാമാൻ തന്റെ നിർദ്ദേശം പുറത്തുവിട്ടു. “ആ മനുഷ്യനെ രാജാവിന്റെ വസ്ത്രവും കിരീടവും ധരിപ്പിക്കുക.”





“രാജാവിന്റെ കുതിരപ്പുറത്ത്
അവനെ ഇരുത്തുക. എല്ലാവരും കാണേ
തിന് അവനെ പട്ടണത്തിലൂടെ കൊ
ുപോകുവാൻ ഒരു രാജാവിന്റെ
അതിശ്രേഷ്ഠ പ്രഭുക്കന്മാരിൽ ഒരാളോടു
കല്പിക്കേണം.”

രാജാവ് ഹാമാനോട് കല്പിച്ചു, “വേഗമാകട്ടെ; നീ പറഞ്ഞതൊക്കെയും യഹൂദനായ മോർദ്ദെഖായിക്ക് ചെയ്ക.”



മോർദ്ദെഖായിയെ ബഹുമാനിച്ചുകൊ്
പട്ടണത്തിലൂടെ നടന്ന ഹാമാന്
എന്തുതോന്നിക്കാണുമെന്നാണ് നിങ്ങൾ
ചിന്തിക്കുന്നത്? മുമ്പത്തെക്കാളധികം
അവൻ മോർദ്ദെഖായിയെ വെറുത്തു.



ഹാമാൻ ഇങ്ങനെ ചിന്തിച്ചുകാണും;
“അല്പം കാത്തിരിക്ക, അവൻ അധികം താമസിക്കാതെ കൊല്ലപ്പെടും. മറ്റു സകല യഹൂദൻമാരോടുമൊപ്പം.”



രാത്രി വൈകി, രാജാവും ഹാമാനും എസ്ഥേർ രാജ്ഞി ഒരുക്കിയ വിരുന്നിനു വന്നു. “നിന്റെ അപേക്ഷ എന്താണ്?” രാജാവ് എസ്ഥേറിനോട് ചോദിച്ചു. രാജാവ് തന്റെ വാഗ്ദത്തം മറന്നിരുന്നില്ല. ഹാമാനെ ചൂണ്ടിക്കൊണ്ട് അവന്റെ സകല ദുഷ്ടതയെക്കുറിച്ചും എസ്ഥേർ രാജാവിനോട് പറഞ്ഞു “അവനെ തൂക്കിലേറ്റുക” രാജാവ് കല്പിച്ചു.



യഹൂദന്മാർ തങ്ങളുടെ രക്ഷയ്ക്കുവേി പോരാടിക്കൊള്ളുവാൻ വേ ഒരു നിയമവും രാജാവ് പാസാക്കി. അവർ രക്ഷപ്പെട്ടു! മോർദ്ദെഖായി രാജാവിന്റെ രാമനാവുകയും എല്ലാ യെഹൂദന്മാരും സന്തോഷിക്കുകയും പരസ്പരം സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. സുന്ദരിയായ എസ്ഥേർ രാജ്ഞിയിലൂടെ ദൈവം തങ്ങളെ എപ്രകാരം രക്ഷിച്ചു എന്നതിനെക്കുറിച്ച് യഹൂദന്മാർ ഇന്നും ഓർക്കുന്നു.



സുന്ദരിയായ എസ്ഥേർരാജ്ഞി

# ദൈവവചനത്തില് നിന്നും ഒരു കഥ.

# ബൈബിളില് നിന്നുംഎടുത്തത്.

എസ്ഥേർ

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങള്ക്ക്  വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തില്നിന്നും ഉയിര്ത്തെഴുന്നേറ്റു സ്വര്ഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ  ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച്  യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16